# സെന്റ് ജോർജ്ജ് എൽ.പി.എസ്. പിരളശ്ശേരി

**സ്ഥാപിതം :1889**





# നിറവ്

# അക്കാദമിക്ക് മാസ്റ്റർ പ്ലാൻ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | സെന്റ് ജോർജ്ജ് എൽ.പി.എസ്. പിരളശ്ശേരി |
| ഉപജില്ല | : | ചെങ്ങന്നൂർ |
| വിദ്യാഭ്യാസ ജില്ല | : | മാവേലിക്കര |
| ജില്ല | : | ആലപ്പുഴ |
| വർഷം | : | 2025 - 2026 |

# ഉള്ളടക്കം


| | പേജ് |
|---|---|
| ആമുഖം | 1 |
| അടിസ്ഥാന വിവരങ്ങൾ | |
| പൊതുലക്ഷ്യങ്ങൾ | 2 |
| പിരളശ്ശേരി എൽ.പി.എസ്സ് ചരിത്രം | 3-5 |
| അക്കാദമിക നേട്ടങ്ങൾ | 6 |
| അക്കാദമിക പരിമിതികൾ | |
| കാഴ്ചപ്പാട് | 7-9 |
| അക്കാദമിക പ്രവർത്തനങ്ങൾ | |
| മലയാളം | 10-17 |
| ഇംഗ്ലീഷ് | 18 |
| ഗണിതം | |
| പരിസരപഠനം | 19 |
| അക്കാദമിക പ്രശ്നം | 20-22 |
| ഉപസംഹാരം | 23 |

# ആമുഖം

പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ മെച്ചപ്പെടുത്തുക. സമൂഹത്തിലെ എല്ലാ വിഭാഗം കുട്ടികളെയും വിദ്യാലയ പ്രവർത്തനങ്ങളുടെ ഭാഗമാക്കുക എന്ന വിശാലമായ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് തയ്യാറാക്കിയ പദ്ധതിയാണിത്. ഈ അധ്യയന വർഷത്തിൽ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളുന്നതും പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് പ്രാധാന്യം നൽകി അവരെ ഉയർന്ന നിലവാരത്തിൽ എത്തിക്കാൻ അനുയോജ്യമായ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകിയിരിക്കുന്നു. കുട്ടികളിൽ ഉള്ള വൈകാരിക- സാമൂഹിക- വൈജ്ഞാനിക പ്രശ്നങ്ങൾ മറികടന്ന് കുട്ടികളെ മുൻനിരയിൽ എത്തിക്കുക. പഠനം പിഴവുകൾ നികത്തുക എന്നതും പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്. പഠന പ്രവർത്തനങ്ങൾ ശിശു സൗഹാർദ്ദപരവും കൂടുതൽ ആസ്വാദകരവുമാക്കി മാറ്റാനും അതോടൊപ്പം കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്താനും പദ്ധതി ലക്ഷ്യമിടുന്നു. കഴിഞ്ഞ 135 വർഷങ്ങളായി എൽ.പി.എസ് പിരളശ്ശേരി എന്നറിയപ്പെട്ടിരുന്ന ഈ വിദ്യാലയം. 2024 ജൂലൈയിൽ ഗവൺമെന്റ്. മോഡൽ എൽ.പി.എസ് പിരളശ്ശേരി എന്ന് പുനർനാമകരണം ചെയ്തു.

## 2.. പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും.

2. ഓരോ ഘട്ടം പൂർത്തിയാകുമ്പോഴും കുട്ടി നേടേണ്ട പഠന നേട്ടങ്ങൾ മുൻകൂട്ടി തയ്യാറാക്കി രക്ഷിതാവിനെ ബോധ്യപ്പെടുത്തും.

3. എല്ലാ കുട്ടികൾക്കും മലയാളം സംസാരിക്കുവാനും വായിക്കുവാനും എഴുതുവാനുമുള്ള കഴിവ് ഉറപ്പുവരുത്തും.

4. പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിഗണന നൽകി മുഖ്യധാരയിലെത്തിക്കും.

5. ഭാഷകൾ കൈകാര്യം ചെയ്യുന്നത് പ്രാപ്തരാകും.

6. ആധുനിക സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ പഠന പ്രവർത്തനങ്ങളിലൂടെ കുട്ടികളിൽ ഉറപ്പിക്കുന്നതിന് അവർ സ്വയം കൈകാര്യം ചെയ്യുന്നതിനും പ്രാപ്തനാക്കുന്നു.

7. വിദ്യാലയം ഒരു പാഠപുസ്തകം എന്നാശയം മുൻനിർത്തി അറിവ് നിർമാണഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും

8. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കുന്നു.

9. വായന ഒരു സംസ്കാരമായി രൂപപ്പെടുത്തുന്ന അതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കും.

10. ഹരിത പെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെൻറ് തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.

11. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ ക്ലാസിലെ കുട്ടികൾക്കും കാവ്യാസ്വാദനം, ആശയഗ്രഹണം, അവതരണം എന്നിവയിൽ ഉണ്ടാകുന്നതിനായി കാവ്യോത്സവം പരിപാടികൾ നടപ്പാക്കൽ.

# സെൻറ് ജോർജ് എൽ.പി.എസ്. പിരളശ്ശേരി

പിരളശ്ശേരിയിലും സമീപപ്രദേശങ്ങളിലും കുട്ടികളുടെ വിദ്യാഭ്യാസത്തിനുവേണ്ടി നമ്മുടെ പൂർവികന്മാർ ദീർഘവീക്ഷണത്തോടെ ഒരു നൂറ്റാണ്ടിനു മുമ്പ് സ്ഥാപിച്ചതാണ് പിരളശ്ശേരി എൽ. പി. സ്കൂൾ. ഈ സ്കൂൾ കാതോലിക്കേറ്റ് സിംഹാസന പള്ളിയുടെ അധീനതയിലാണ്.

പണ്ടുകാലത്ത് ഗ്രാമത്തിൽ ബ്രാഹ്മണരാണ് താമസിച്ചിരുന്നത് ക്ഷേത്രവും കുളങ്ങളും കാവുകളും നിറഞ്ഞിരുന്നു. അതിന്റെ അവശിഷ്ടങ്ങൾ ഇപ്പോഴും കാണാം. എന്നാൽ കാലചക്രത്തിന്റെ തിരിവിൽ കുടിയേറ്റക്കാരായ കർഷകർ പുത്തൻകാവിൽ നിന്നും ഇവിടെ വന്നു താമസം ഉറപ്പിച്ചു. പിരളശ്ശേരിയിൽ പള്ളി വയ്ക്കുന്നതിനുമുമ്പ് 1880 കിഴവറ കുര്യൻ അവർകളോട് 5സെന്റ് സ്ഥലം തീറാധാരം വാങ്ങി നിലവിലുള്ള സ്കൂൾ കെട്ടിടത്തിന്റെ തെക്കുവശത്ത് ഒരു പ്രാർത്ഥനാലയം ഉണ്ടാക്കി. ഒരു സ്കൂൾ അനുവദിക്കുന്നതിന് ഗവൺമെൻറ് അപേക്ഷിക്കുകയും 1889 ഒന്നും രണ്ടും ക്ലാസുകൾ മാത്രം നടത്തുന്നതിന് അനുവാദം ലഭിക്കുകയും ചെയ്തു. ഇത് വെർണാകുലർ പ്രൈമറി സ്കൂൾ എന്ന പേരിൽ അറിയപ്പെട്ടു. ഇതിനെ ഗുരുനാഥൻകാവ് സ്കൂൾ എന്നും കുരുന്നങ്കാവ് സ്കൂൾ എന്നും അറിയപ്പെടുന്നു.

പ്രഥമാദ്ധ്യാപകനായി മുളക്കുഴ പാങ്കാവിലാശാൻ (കോരുത് ഇടിക്കുള) സഹാദ്ധ്യാപകനായി ബുധനൂർ സ്വദേശി പാച്ചുപിള്ളസാർ എന്നിവർ സേവനമനുഷ്ഠിച്ചിട്ടുണ്ട്. സ്കൂളിന് ഗ്രാൻഡ് അനുവദിക്കാതിരുന്നാൽ മാസംതോറും വീടുകൾ കയറി 6 രൂപം പിരിവെടുത്ത് രണ്ടുപേർക്കും ശമ്പളം കൊടുത്തു. വർഷങ്ങൾക്ക് ശേഷം ബഹു.പിറ്റി. ഇടിക്കുള എ.ഇ.ഒ. ആയിരുന്ന കാലത്ത് രണ്ട് ക്ലാസ്സിന് ഗ്രാൻഡ് കിട്ടി. 1932ൽ നിലവിലുള്ള സ്കൂളിനോട് ചേർന്ന് പുറമ്പോക്ക് സ്ഥലം പള്ളിക്കൂടം വകയ്ക്ക് കുരീക്കാട്ട് മണ്ണിൽ ശ്രീ ചാക്കോ ഉമ്മൻ സ്വന്തം പേരിൽ പതിപ്പിച്ച് സ്കൂൾ വയ്ക്കുന്നതിന് സംഭാവന നൽകി. ഇപ്പോൾ സ്കൂളും കളിസ്ഥലവും ഉൾപ്പെടെ 50 സെൻറ് സ്ഥലമാണ് മാനേജരുടെ ചുമതലയിൽ അധ്യാപകരിൽ നിന്നും ഇടവകകളിൽ നിന്നും സംഭാവന സ്വീകരിച്ച് മേൽപ്പറഞ്ഞ സ്ഥലത്ത് 80 അടി നീളവും 30 അടി വീതിയിൽ ബലവത്തായ ഒരു കെട്ടിടം പണിയിച്ച് ഓലമേഞ്ഞു. തുടർന്ന് സർക്കാരിന്റെ ഉത്തരവനുസരിച്ച് നാലാം ക്ലാസ്

വരെയുള്ള ഒരു പൂർണ്ണ പ്രൈമറി സ്കൂൾ ആയി അതിനെ ഉയർത്തി. 1942 ൽ സ്കൂളിൻറെ മേൽക്കൂര ഓട് മേയുകയും 1954 സെൻറ് ജോർജ് യൂത്ത് ലീഗിൻറെ ശ്രമഫലമായി സ്കൂളിന്റെ ഇടിഞ്ഞു പൊളിഞ്ഞു കിടന്ന തറ സിമൻറ് മാർക്ക് ചെയ്തു 1959ൽ സ്കൂളിൻറെ വടക്കുഭാഗത്ത് 40 അടി നീളത്തിലുള്ള ഒരു കെട്ടിടം പണിതു. 20204ൽ വിദ്യാലയ മേൽക്കൂര ബലവത്താക്കി നൽകി.

കാലാകാലങ്ങളിൽ സ്കൂളിന്റെ ഭൗതിക ആവശ്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ചുറ്റുമതിൽ സ്റ്റോറും അടുക്കള മൂത്രപ്പുര മുതലായവ പണി മാനേജ്മെൻറ് ഇതിന് ഒരു മാതൃകാ വിദ്യാലയം ആക്കി തീർത്തു. 2023 ൽ ഡി.ഡി.ഇ. നിന്ന് പുതിയ കിച്ചൺ കം സ്റ്റോർ 600000 രൂപയ്ക്ക് നിർമ്മിച്ചു നൽകി. ഇപ്പോൾ മാനേജരായ ഇടവക വികാരി റവ. ഫാ. മോൻസി സേവനമനുഷ്ഠിക്കുന്നു.

1988-89 സ്കൂളിന്റെ ശതാബ്ദി ആഘോഷിച്ചു. കാലം ചെയ്ത ഗീവർഗീസ് മാർ പീലിക്സിനോസ് തിരുമേനി (പുത്തൻകാവിൽ കൊച്ചുതിരുമേനി) സ്റ്റേറ്റ് വിദ്യാഭ്യാസ ഡയറക്ടർ ആയിരുന്ന ഡോക്ടർ റ്റി.കെ.കോശി തുടങ്ങിയവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ഈ സ്കൂളിൽ നിന്നും പ്രാഥമിക സേവനം നേടിയവർ സമൂഹത്തിന്റെ നാനാ തുറകളിൽ സേവനം അനുഷ്ഠിക്കുന്നു.

സ്കൂളിന്റെ പ്രഥമ അധ്യാപകരായി പാങ്കാവിൽ ആശാൻ തടയുഴത്തിൽ ടി കെ മത്തായി, ഒലേപ്പുറത്തു ഒ.പി.വർഗീസ്, താമരശ്ശേരി കളിക്കൽ കെ.എ.ഈപ്പൻ, കല്ലുഴത്തിൽ കെ.എം.മറിയാമ്മ, വടക്കേടത്ത് മേരിക്കുട്ടി നൈനാൻ, നെടുവിലെ തെക്കേതിൽ ശ്രീമതി കെ.എ. ഏലിയാമ്മ തെക്കേടത്ത് കല്ലംകാട്ടിൽ ശ്രീമതി ലില്ലിക്കുട്ടി ഉമ്മൻ, ഇരട്ടക്കുളങ്ങര അമ്മിണിക്കുട്ടി റ്റി.ഐ., മംഗലം താമരശ്ശേരിൽ മുണ്ടയ്ക്കൽ ശ്രീമതി ലിസി ചെറിയാൻ, ശ്രീമതി ഷെറിൻ എം ചാണ്ടി, ശ്രീമതി ഡെയ്സി മാത്യൂ എന്നിവർ പ്രശസ്ത സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ഈ സ്കൂളിൽ അധ്യാപകവൃത്തിയിൽ ഇരിക്കുമ്പോൾ അകാല ചരമം പ്രാപിച്ച തച്ചക്കുന്നേൽ ശ്രീമതി എലിസബേത്ത് ഐപ്പ് നടുവിലേതെക്കേതിൽ, ശ്രീമതി കെ.എ. ഏലിയാമ്മ, തെക്കേടത്ത് കല്ലംകാട്ടിൽ ശ്രീമതി ലില്ലിക്കുട്ടി ഉമ്മൻ എന്നിവരെ ഈ അവസരത്തിൽ പ്രത്യേകം സ്മരിക്കുന്നു.

ഇപ്പോൾ പ്രഥമ അധ്യാപികയായി ശ്രീമതി ബീന കുര്യനും അധ്യാപകരായി ശ്രീമതി ചിഞ്ചു സാറാ തോമസ്, ബീന എം.എഫ്, നിമ്മി ജോസ് എന്നിവരും സേവനം അനുഷ്ഠിച്ചു വരുന്നു.

സമയാസമയങ്ങളിൽ വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കുന്ന പാഠ്യപദ്ധതി അനുസരിച്ചാണ് സ്കൂളിൽ പഠനം നടക്കുന്നത് സ്കൂളിന്റെ അഭിവൃദ്ധിക്കു വേണ്ടി പഞ്ചായത്തിന്റെയും ഗവൺമെന്റിന്റെയും സഹായസഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

കേരള സംസ്ഥാനത്തിലെ ആലപ്പുഴ ജില്ലയിലെ കിഴക്കേ അറ്റത്ത് സ്ഥിതി ചെയ്യുന്ന കാർഷിക ഗ്രാമമായ മുളക്കുഴ പഞ്ചായത്തിലെ രണ്ടാം വാർഡിലെ ഏക പ്രൈമറി വിദ്യാലയമാണ് പിരളശ്ശേരി സെന്റ് ജോർജ്ജ് എൽ.പി. സ്കൂൾ ഇവിടെ പഠനം നടത്തുന്നതിൽ ഭൂരിഭാഗവും പട്ടികജാതി വിദ്യാർത്ഥികളാണ്.

**അക്കാദമിക നേട്ടങ്ങൾ**

വിവിധ വർഷങ്ങളായി എൽ.എസ്.എസ്. സ്കോളർഷിപ്പിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്. കായികമേളകളിൽ കുട്ടികളെ പങ്കെടുപ്പിച്ചിരുന്നു ശാസ്ത്രമേള, തത്സമയം നിർമ്മാണം ഗണിതശാസ്ത്രമേള ഇവയിലെ എല്ലാവർഷവും പങ്കെടുക്കുന്നുണ്ട് വിജയം കൈവരിക്കുന്നു. സബ്ജില്ലാതല ഗണിതശാസ്ത്രമേളയിൽ ഏകദേശം 14 വർഷമായി മാഗസീന് എ ഗ്രേഡ് ഒന്നാം സമ്മാനം നമ്മൾ നേടിക്കൊണ്ടിരിക്കുന്നു കലാമേളയിൽ വിവിധ വർഷങ്ങളായി പങ്കെടുക്കുകയും മികച്ചയും നേടുകയും ചെയ്യുന്നു ഓണാഘോഷവും ഓണസദ്യയും വളരെ കെങ്കേമമായി നടത്തിവരുന്നു. ക്രിസ്മസ് വിവിധ പരിപാടികളോടുകൂടി സമുചിതമായി ആഘോഷിക്കുന്നു. ദിനാചരണങ്ങളുടെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നു. വിദ്യാഭ്യാസരം മത്സരങ്ങളിലും പഞ്ചായത്ത് തലമത്സരങ്ങളിലും ബി.ആർ.സി.യിലെ മത്സരങ്ങളിലും പങ്കെടുക്കുകയും വിജയിക്കുകയും ചെയ്യുന്നു. കുഞ്ഞുണ്ണിമാഷ് സാഹിത്യ പുരസ്കാരം ഈ വർഷവും മലയാള ഭാഷ പഠനത്തിന് എ ഗ്രേഡ് കിട്ടിയ ഒമ്പത് കുട്ടികൾക്ക് ലഭിച്ചു.

പഠനയാത്രയും വിനോദയാത്രയും കുട്ടികളിലെ വിവിധ കഴിവുകൾ മെച്ചപ്പെടുത്താൻ ഉപകരിക്കുന്നു.

### എൽ.എസ്.എസ്.

നമ്മുടെ സ്കൂളിൽ നിന്ന് എൽ.എസ്.എസ്. പരീക്ഷയിൽ കുട്ടികൾ പങ്കെടുക്കുകയും മികച്ച വിജയം കൈവരിക്കുകയും ചെയ്യുന്നു.

2021-ൽ നാല് കുട്ടികൾക്കും 2022-ൽ 6 കുട്ടികളും 2023-ൽ 5 കുട്ടികൾക്കും 2024-ൽ 4 കുട്ടികളും എൽ.എസ്.എസ്. സ്കോളർഷിപ്പ് ലഭിച്ചു.

### അക്കാദമിക പരിമിതികൾ

- ശിശു സൗഹാർദ ഉപകരണങ്ങളുടെ ലഭ്യത കുറവ്
- കുട്ടികൾക്ക് വേണ്ടിയുള്ള പാർക്കിന്റെ അഭാവം
- ഉച്ചഭക്ഷണ ഹാളിന്റെ കുറവ്
- കുട്ടികളുടെ എണ്ണത്തിന് ആവശ്യമായ കമ്പ്യൂട്ടറുകളുടെ എണ്ണത്തിലുള്ള കുറവ്
- സ്ഥിരതയുള്ള ഇൻറർനെറ്റ് കവറേജ് ഇല്ലാത്തത് പഠന പ്രവർത്തനങ്ങൾ ഐ.സി.ടി.യുമായി ബന്ധിപ്പിച്ചു നൽകാൻ പ്രയാസം നേരിടുന്നു.
- കലാകായിക അധ്യാപകരുടെ അഭാവം

### കാഴ്ചപ്പാട്

ഭാവിയിൽ ഈ വിദ്യാലയത്തിലെ എല്ലാ കുട്ടികളും മലയാളവും ഇംഗ്ലീഷും സംസാരിക്കാനും എഴുതുവാനും പ്രാപ്തരാകും എല്ലാ കുട്ടികളും പഠനത്തിനും വികാസത്തിനും തുല്യ അവസരങ്ങൾ ഉണ്ടാക്കും. കുട്ടികളിലെ സർഗ്ഗാത്മ കഴിവുകൾ വികസിപ്പിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഒന്നാം ക്ലാസ് മുതൽ വായന സംസ്കാരം പ്രോത്സാഹിപ്പിക്കുകയും സ്കൂൾ ഗ്രന്ഥാലയം വികസിപ്പിക്കുകയും ചെയ്യും. സി.ഡബ്ല്യു.എസ്.എൻ കുട്ടികൾക്ക് വേണ്ട പ്രോത്സാഹനങ്ങളും കൈത്താങ്ങലുകളും നൽകും. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിന് പ്രാധാന്യം കൊടുക്കും. പാഠ്യ പാഠ്യേതര

വിഷയങ്ങളുടെ ഭാഗമായി കുട്ടിയിൽ കൈവരിക്കേണ്ട ശേഷികൾ കണ്ടെത്തി അതിന് പ്രാപ്തരാക്കുന്നു. പാഠ്യേതര പ്രവർത്തനങ്ങളുടെ ഭാഗമായി ശാസ്ത്രമേള, കലോത്സവം, പഠനയാത്ര, വിനോദയാത്ര, പച്ചക്കറികൃഷി, ലാബ് പ്രവർത്തനങ്ങൾ, ഔഷധത്തോട്ടം ഇവയിൽ ഒക്കെ കുട്ടിയെ ഭാഗഭാക്കാക്കുന്നു.

സി.എസ്.ഡബ്ല്യു.എൻ കുട്ടികളിൽ ഭവന സന്ദർശനം കൂടിരിപ്പ് നടപ്പിലാക്കുന്നു.

ഐ.സി.ടി. സാധ്യത പഠനഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഐ.സി.ടി. പ്രയോജനപ്പെടുത്തുന്നു.

### കാഴ്ചപ്പാടിനാസ്പദമായി ഉണ്ടാക്കാവുന്ന മികവ്

- ഒന്നു മുതൽ നാലു വരെ ഇംഗ്ലീഷ് , മലയാളം ഭാഷ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കും.
- ചതുഷ്ക്രിയകൾ ഉറപ്പിക്കും
- പാഠ്യ, പാഠ്യേതര പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കും.
- സി.എസ്.ഡബ്ല്യു.എൻ. കുട്ടികൾക്കുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും.
- ഐ.സി.റ്റി. സാധ്യത ഫലപ്രദമാക്കും

### മികച്ച വിദ്യാഭ്യാസ സ്ഥാപനം എന്ന ആശയം പ്രതിഫലിപ്പിക്കുന്ന കാഴ്ചപ്പാട്

- ഭാഷനൈപുണികളും ചതുഷ് ക്രിയകളും ഉറപ്പിക്കൽ
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ സജീവന പ്രകടനങ്ങൾ.
- സാമൂഹ്യപ്രതിപത്തി വളർത്തൽ
- ഭൗതിക സാഹചര്യങ്ങളുടെ മെച്ചപ്പെടുത്തൽ

### കുട്ടികളുടെ സാമൂഹിക സാമ്പത്തിക അവസ്ഥാ പഠനം

- ഭവന സന്ദർശനം
- സംഭാഷണത്തിന് അവസരം

- കൗൺസിലിംഗ് ക്ലാസുകൾ

**അന്താരാഷ്ട്ര ഗുണനിലവാരം പ്രതിഫലിപ്പിക്കുന്ന കാഴ്ചപ്പാട്**

പഠനത്തോടൊപ്പം തൊഴിൽ, കുട്ടിയോടൊപ്പം മാതാപിതാക്കളും ഒരു കൈത്താങ്ങിനായി സോപ്പുപൊടി, സാമ്പ്രാണി നിർമ്മാണം പ്രോത്സാഹിപ്പിക്കുക.

**സങ്കലിത വിദ്യാഭ്യാസ പ്രവർത്തനം**

കലാകായിക പ്രവർത്തനങ്ങളും പഠന പ്രവർത്തനങ്ങളിലും ഐ.ഇ.ഡി. കുട്ടികളെ സജീവമാക്കുന്നു

**പരിസ്ഥിതിക അവബോധം ശുചിത്വഭാരതം എന്നിവയ്ക്കായി ചെയ്യുന്ന പ്രവർത്തനങ്ങൾ**

ആരോഗ്യമുള്ള ഒരു സമൂഹത്തിൻറെ സൃഷ്ടിക്ക് ശുചിത്വത്തിനുള്ള പങ്ക് അതിപ്രധാനമാണ്. ശുചിത്വമായി ബന്ധപ്പെട്ട വിവിധ ഘടകങ്ങളുണ്ട്. ആരോഗ്യപ്രശ്നങ്ങൾ മാർക്കറ്റ്, അറവ് ശാലകൾ, ഹോട്ടലുകൾ, ആശുപത്രികൾ തുടങ്ങിയ വിവിധ സ്ഥലങ്ങൾ ഉണ്ടാകുന്ന മാലിന്യങ്ങൾ നമ്മുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഘടകങ്ങളാണ്. ശുചിത്വ ആരോഗ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് സ്കൂളിൽ നടക്കുന്ന എല്ലാ പരിപാടികളും ഹെൽത്ത് ക്ലബ്ബുകളുടെ നേതൃത്വത്തിൽ ആയിരിക്കണം നടത്തേണ്ടത്.

സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുക. വിദ്യാർത്ഥികളിൽ ശുചിത്വബോധം വളർത്തുക. മണ്ണിൽ അഴുകി ചേരുന്ന കടലാസ്, ചവറുകൾ മുതലായ വസ്തുക്കളും, അഴുകിചേരാത്ത പ്ലാസ്റ്റിക് മുതലായ വസ്തുക്കളും വേർതിരിച്ച് പ്രത്യേകം ചവറുകൂടുകളിൽ നിക്ഷേപിക്കുന്നു. മണ്ണിൽ അഴുകി ചേരുന്ന വസ്തുക്കൾ സ്കൂൾ വളപ്പിലെ ചവറു കുഴികളിൽ പ്ലാസ്റ്റിക് മുതലായവ അതിനായി തയ്യാറാക്കപ്പെട്ട പ്രത്യേക സ്ഥലത്തും നിക്ഷേപിക്കേണ്ടതാണ്. ഭക്ഷണാവശിഷ്ടങ്ങൾ, ഇല, പേപ്പർ, മുതലായവ സ്കൂൾ വളപ്പിലുള്ള ചവറു കുഴികളിൽ മാത്രം നിക്ഷേപിക്കേണ്ടതാണ് ആഴ്ചയിൽ ഒരിക്കൽ മൂന്നു മണി മുതൽ 3.30 വരെയുള്ള സമയത്ത് ഡ്രൈ

ഡേ ആചരിക്കും. സ്കൂൾ ക്യാമ്പസ് പ്ലാസ്റ്റിക് കുപ്പികൾ നിരോധിക്കുകയും ചെയ്തു. ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുവാൻ വിദ്യാലയം ശ്രമിക്കുന്നു.

## അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ അവസ്ഥ 136 വർഷം പഴക്കമുള്ള ഒരു വിദ്യാലയ മുത്തശ്ശിയാണിത്. ഇപ്പോൾ 86 കുട്ടികൾ വിദ്യാലയത്തിൽ പഠിക്കുന്നു. ഒന്നു മുതൽ നാലു വരെ നാല് അധ്യാപകരും പ്രീപ്രൈമറി ടീച്ചറും വിദ്യാലയത്തിലുണ്ട്. വിദ്യാലയ പ്രവർത്തനങ്ങൾ സുഗമമായി നടക്കുന്നു എന്നാൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതുണ്ട് നാല് ക്ലാസ് മുറികളും ഒരു കമ്പ്യൂട്ടർ റൂമും കിച്ചൻ കം സ്റ്റോറും ഉണ്ട്.

## അക്കാദമിക പ്രവർത്തനങ്ങൾ

| നം | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
|---|---|---|---|---|
| 1 | കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക (വായനക്കൂട്ടം) | എല്ലാക്ലാസ്സിലും ക്ലാസ്സ് ലൈബ്രറി ലഭ്യമാക്കുന്നു. 'പിറന്നാൾ പുസ്തകം' പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു | ജൂൺ മുതൽ മാർച്ച് | |
| 2 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | പ്രി ടെസ്റ്റ്<br>അക്ഷരം ഉറപ്പിക്കൽ<br>അടയാളം ഉറപ്പിക്കൽ<br>ആക്ഷരകാർഡ് നമ്പർ<br>വാക്കുകൾ നിർമ്മിക്കൽ<br>വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രം നൽകി, അടിക്കുറുപ്പ്, കഥ പറയിൽ, എഴുതൽ കവിതയിൽ വരികൾക്കൂട്ടിച്ചേർക്കൽ.<br>ഭാഷപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സ് | ജൂൺ മുതൽ മാർച്ച് | |
| 3 | കുട്ടികൾക്ക് സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം നൽകൽ | കുട്ടികളുടെ കയ്യെഴുത്തുമാസികകൾ ചുവർ ചിത്രങ്ങൾ<br>സംയുക്ത ഡയറി<br>സർഗ്ഗാത്മക ഡയറി (കുട്ടികളുടെ സ്വതന്ത്ര രചന, സർഗ്ഗാത്മകശേഷി , ചിന്താശ്ശേഷ | | |

| | | | | |
|---|---|---|---|---|
| | | വികസിക്കുന്നു.) | | |
| 4 | കുട്ടികളിലെ കഴിവുകൾ തെളിയിക്കുവാനുള്ള അവസരങ്ങൾ | കാവ്യോത്സവം, പാട്ടരങ്ങ് - സമാന ആശയമുള്ള കവിതകളും പാട്ടുകളും കണ്ടെത്തുന്നു , നാടൻ പാട്ടുകളുടെ അവതരണം വായ്ത്താരികൾ താളവും ഈണവും പാലിച്ചു പാടുന്നു. | | |
| ഗണിതം | | | | |
| 1 | പാഠപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മുഴുവൻ പഠന നേട്ടങ്ങൾക്കും എല്ലാകുട്ടികളേയും പ്രാപ്തരാക്കുക | എല്ലാക്ലാസ്സ് യൂണിറ്റിലേക്കും പഠന നേട്ടങ്ങൾ കൈവരിക്കാൻ വേണ്ട പ്രവർത്തനങ്ങൾ:<br>• ഗണിതപാട്ട്, കഥ<br>• ഗണിതരൂപങ്ങൾ തിരിച്ചറിഞ്ഞ് നിർമ്മാണ പ്രവർത്തനങ്ങൾ നൽകൽ<br>• കണക്കിലെ കളികൾ<br>• ചിത്രം പാറ്റേൺ<br>• വ്യത്യസ്ത അളവുകൾ പരിചയപ്പെടുത്തൽ<br>• ടാൻഗ്രാം<br>• കൂർത്ത വസ്തുക്കൾ ഉപയോഗിച്ച് (മുത്ത്, മഞ്ചാടി, കുന്നിക്കുരു) എണ്ണൽ, കൂട്ടങ്ങളാക്കൽ<br>• സ്ഥാനവില, പോക്കറ്റ്<br>• അബാക്കസ്<br>• സംഖ്യാ റിബൺ<br>• സ്ഥാനവില ഉറപ്പിക്കൽ<br>• ചതുഷ്ക്രിയകൾ ഉറപ്പാക്കൽ<br>• 12 മണിക്കൂർ, 24 മണിക്കൂർ ക്ലോക്ക് നിർമ്മാണം | | |
| 2 | ഗണിതകിറ്റ് എല്ലാകുട്ടുകൾക്കും | സംഖ്യാ കാർഡ്, ചിത്രങ്ങൾ , ടോക്കൺ, കമ്പ് കെട്ട്, ഗയിം ബോർഡ്, സംഖ്യാ റിബൺ | | |
| 3 | മുഴുവൻ കുട്ടികളെയും മികച്ച പ്രശ്നപരിഹാര | നിത്യ ജീവിതവുമായി ബന്ധപ്പെടുത്തി പഠന | | |

| | | | | |
|---|---|---|---|---|
| | ശേഷിയുള്ളവരാക്കുക | പ്രവർത്തനങ്ങൾ ചെയ്യിക്കുന്നു. | | |
| 4 | ഓരോക്ലാസ്സിലും കൈവരിക്കേണ്ട ഉള്ളടക്കപരമായ ധാരണകൈവരിക്കുമെന്ന് ഉറപ്പാക്കൽ | ഓരോ യൂണിറ്റിന്റെയും അവസാനം മൂല്യനിർണ്ണയം നടത്തി പരിഹാര ബോധനം ഉറപ്പുവരുത്തുന്നു. | | |
| 5 | പാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ | ഗണിതമേള<br>ചെർട്ട് (നമ്പർ)<br>പസിലുകൾ<br>ജോമട്രിക്കൽ ചാർട്ട്<br>മാഗസിൻ | | |

## പരിസരപഠനം

| | ലക്ഷ്യം | പ്രവർത്തനം | കാലം | സാമ്പത്തികം |
|---|---|---|---|---|
| 1 | പ്രകൃതി അറിയുന്നതിനും ആസ്വദിക്കുന്നതിനും | പ്രകൃതി നടത്തം<br>പുഷ്പോദ്യാനം<br>ഔഷധത്തോട്ടം<br>പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങൾ<br>പ്ലേക്കാർഡ് നിർമ്മാണം | | |
| 2 | ഫീൽഡ് ട്രിപ്പ് | പാടം, കുന്ന്, കുളം, കാവ് എന്നിവ കാണിക്കുന്നു.<br>ആവാസവ്യവസ്ഥ മനസ്സിലാക്കുന്നു<br>കാഴ്ച ബംഗ്ലാവ് കാണാൻ | | |
| 3 | ശാസ്ത്രവബോധം വളർത്തുക ശാസ്ത്ര പരീക്ഷണങ്ങളിൽ താൽപര്യം ജനിപ്പിക്കൽ | ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു<br>കുറിപ്പുകൾ തയ്യാറാക്കൽ<br>ഭൂപട വായന | | |
| 4 | ശാസ്ത്പ പഠനം രസകരമാക്കൽ | ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ ശേഖരണം<br>ആൽബം | | |
| 5 | ശുചിത്വബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന് | ശുചിത്വ സർവ്വേ<br>ശുചിത്വ ക്ലാസ്സ്<br>പോസ്റ്റർ രചന<br>പ്ലക്കാർഡ് നിർമ്മാണം | | |
| 6 | പാഠ്യതര പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കൽ | ശാസ്ത്രമേള<br>പരീക്ഷണം<br>ആൽബം<br>ചാർട്ടുകൾ | | |
| 7 | സമൂഹത്തിന്റെ മുന്നോട്ട് പോക്കിന് സഹായമാകുന്ന സാമൂഹ്യ സ്ഥാപനങ്ങളുടെ പ്രാധാന്യം തിരിച്ചറിയുന്നതിന് | പോലീസ് സ്റ്റേഷൻ, പോസ്റ്റോഫീസ്, പഞ്ചായത്ത്, വില്ലേജ് മുതലായവയിലേക്ക് ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കൽ, ആഭിമുഖ ചോദ്യാവലി തയ്യാറാക്കൽ | | |

# English

**Aim :** Speak, read and write English without any mistakes

**Activities**

To develop listening skills & roading skills

**Listening skills**

- Game, action song
- Conversation, recitation, small, skit

**Speaking skills**

Descriptions:- growing sentences, picture reading, picture description, self introduction, readers theatre.

Assembly activities: Speech, book review riddles, describe things (Pen, tree, garden etc self introduction, oneday one word (Vocalbulary)

To develop reading skills and writing skills

Reading skills

Reading small stories rhymes, newspapers library book, etc, find words.

Collect and read rhyming words, describing words text book activities, Readers theatre read notice, diary, letters from friends.

Writing skills:

Word Web, picture description, speech bubble conversations, riddles, addmore lines, diary, thought, letter, notice, diary, announcement making reading cards, word cards, sentence cards.

# സമഗ്ര ഗുണമേന്മ പദ്ധതി 2025 - 26

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | |
|---|---|---|---|
| സമഗ്ര ഗുണമേന്മ പദ്ധതിയുമായി ബന്ധപ്പെട്ട വിഷയങ്ങളെ കുറിച്ച് രക്ഷിതാക്കളെ ബോധവാന്മാരാക്കുക. | • പ്രത്യേക PTA<br>⇒ കുട്ടികളുടെ മയക്കുമരുന്ന്/ലഹരി ഉപയോഗത്തിനെതിരെ<br>⇒ റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>⇒ വ്യക്തിശുചിത്വം, പരിസര ശുചിത്വം<br>⇒ ആരോഗ്യം, വ്യായാമം ഭക്ഷണത്തിൽ അച്ചടക്കം<br>⇒ പൊതുമുതൽ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം<br>⇒ പൊതുക്രോഡീകരണം ഉണർവ്വയെക്കുറിച്ച് ചർച്ച | മെയ് 29 | |

## സമഗ്ര ഗുണമേന്മ പദ്ധതി (പ്രവർത്തനങ്ങൾ)

- 2025-26

"നല്ല നാളേക്കായി ഒന്നുചേരാം"

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | സാമ്പത്തികം |
| --- | --- | --- | --- |
| പൊതുകാര്യങ്ങൾ | | ജൂൺ 3 | |
| 1. കുട്ടികൾക്ക് പഠനം അറിയാനും ആസ്വാദ്യം ആസ്വദിക്കാനും അവസരം ഒരുക്കുക. | • പരിചയപ്പെടാം പങ്കുവെക്കാം<br>• നമ്മുടെ വിദ്യാലയം<br>• ഓർമ്മിക്കാനും പഠിക്കാനും | നടത്തപ്പെട്ടത് ജൂൺ 5. | |
| 2. വിദ്യാലയത്തെയും അതിന്റെ സൗകര്യങ്ങളെയും പരിചയപ്പെടുത്തുക. | • അവധിക്കാല അനുഭവം പങ്കുവെയ്ക്കൽ | വെള്ളപ്പൊക്കം .കാരണം സ്കൂൾ ക്യാമ്പ് (പ്രവർത്തിച്ചു) | |
| 3. ക്ലാസിലും സ്കൂളിലും പാലിക്കേണ്ട പൊതുവായ പെരുമാറ്റ ചട്ടങ്ങളെ കുറിച്ച് ധാരണ ന-ൽകുക. | • സ്കൂളും പരിസരവും നിരീക്ഷിക്കാം (സ്കൂൾ കെട്ടിടം, ഗേറ്റ്, ചെടികൾ, മരങ്ങൾ എന്നിവ) | | അധ്യാപകർ |
| 4. നിരീക്ഷണം, ചർച്ച ചെയ്തു പ്രവർത്തനങ്ങൾ എന്നിവ-യിലൂടെ പഠന പ്രക്രിയ ആസ്വാദ്യകരമാക്കുക. | • | | |
| ബോധവൽക്കരണം/ലഹരി ഉപയോഗത്തിനെതിരെ<br>5. ലഹരി ഉപയോഗം നാം നേരിടുന്ന പ്രധാന സാമൂഹ്യ ഭീഷണിയാണ്. | • ലഹരി ഉപയോഗിച്ചാലുള്ള ദോഷങ്ങൾ, ലഹരി ഇനങ്ങളും രൂപങ്ങളും, ലഹരി ഉപയോഗം | 3<br>നടത്തിയത് 5-20 തിയതി. | |

| | | | | |
|---|---|---|---|---|
| | | ഉണ്ടാകുന്ന മാനസിക ശാരീരിക പ്രശ്നങ്ങൾ ഇതിനെക്കുറിച്ചുള്ള ബോധവൽക്കരണ ക്ലാസ്. | | |
| | | • ലഹരി വിരുദ്ധ ദിനാചരണം. (ഓട്ടോഗ്രാഫ് ശേഖരണം പോസ്റ്റർ നിർമാണം) | ജൂൺ 26 | |
| | റോഡിലൂടെ സഞ്ചരിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ | | | |
| 6. | ട്രാഫിക് നിയമങ്ങൾ പാലിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് | • ട്രാഫിക് സിഗ്നലുകൾ പരിചയപ്പെടുത്തുന്നു. (സ്കിറ്റ്) | ജൂൺ 4<br>നടത്തിയില്ല | |
| | | റോഡ് മുറിച്ചുകടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, സീബ്രാ ക്രോസിങ്ങിന്റെ ഉപയോഗം, നിർത്തിയിട്ടിരിക്കുന്ന വാഹനങ്ങളുടെ പുറകിലൂടെയും മുന്നിലൂടെയും റോഡ് മുറിച്ച് കടക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ<br>• യാത്ര ചെയ്യുമ്പോൾ പാലിക്കേണ്ട നിയമങ്ങൾ<br>• സ്കൂൾ വാഹന ഉപയോഗം<br>ഉണ്ടാവേണ്ട ശീലമോ. പെരുമാറ്റം. | ജൂൺ 9 | [illegible] |
| | [illegible], ഉത്തരവാ | | | |

| | | | | |
|---|---|---|---|---|
| | വ്യക്തി ശുചിത്വം, പരിസര ശുചിത്വം ജീവിത ശൈലി, ജീവിത രീതി എന്നിവയുടെ പ്രാധാന്യത്തെക്കുറിച്ച് ബോധവാന്മാരാക്കുക. | ആരോഗ്യ സംരക്ഷണം, പകർച്ച വ്യാധികൾ വരാതെ നോക്കൽ, വ്യായാമത്തിന്റെ ആവശ്യകത, വ്യക്തി ശുചിത്വം, പരിസര ശുചിത്വം തുടങ്ങിയവയെക്കുറിച്ച് ബോധവത്കരണ ക്ലാസ്.<br>• പോഷകാഹാരങ്ങളുടെ ആവശ്യകത പോഷകാഹാര കുറവ് മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ എന്നിവയുടെ വിശകലനം സെമിനാർ. | ജൂൺ 5<br>നവംബർ ജൂൺ 10 | അധ്യാപകർ |
| 8 | ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ച് സംസ്കരിക്കുന്നതിന്റെ ആവശ്യകത മനസ്സിലാക്കി കൊടുക്കുക. | • പച്ചക്കറിത്തോട്ടം ഔഷധത്തോട്ടം എന്നിവ ഒരുക്കൽ<br>• ബയോഗ്യാസ് പ്ലാന്റ്, ജൈവ അജൈവ മാലിന്യങ്ങൾ വേർതിരിച്ചിടാനുള്ള ബിന്നുകൾ സ്ഥാപിക്കൽ. | ജൂൺ - മാർച്ച് | |
| 9 | ഹരിത വിദ്യാലയം | | | |

| | | | | |
|---|---|---|---|---|
| 10 | വിറ്റാമിൻ അപര്യാപ്തത [വൈറ്റമിൻ, ധാതു] ഇവയുടെ ഗുണം, ദോഷം ഇവയെക്കുറിച്ച് ബോധവാന്മാരാക്കുക | • വൈറ്റമിൻ ഡേയ് ടാസ്ക് നൽകി വിറ്റാമിൻ അടങ്ങിയ ങ്ങൾ വിഭവങ്ങളെ ക്കും വിധേയമാ ധാതുലവണങ്ങളും ഉണ്ടാകുന്ന ഉപയോഗ ക്രമം, വൈറ്റമിൻ ഡെഫിഷ്യൻ ഉപയോഗ-ത്താൽ വരുന്ന രോഗങ്ങൾ, ചികിത്സകൾ, സാധാരണ മരുന്നുകൾ ഉപയോഗിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള വീഡി-യോ സ്ലൈഡ് പ്രദ-ർശനം. | ജൂൺ 10<br>നടത്തിയത് ജൂൺ 11 | |
| | ആരോഗ്യം വ്യായാമം കായികക്ഷമത | | | |
| 11. | കുട്ടികളുടെ ശാരീരിക മാനസിക ഉല്ലാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് മനസ്സിലാക്കുന്നതോടൊപ്പം നിത്യജീവിതത്തിൽ പ്രാവർത്തികമാക്കൽ. | • സുംബ, യോഗ, മാസ്ഡ്രിൽ എന്നിവ പരിശീലിപ്പിക്കുന്നു.<br>• കായിക പരിശീലനങ്ങൾ നടത്തുന്നു.<br>• യോഗ ദിനാചരണം. | ജൂൺ 9<br>നടത്തിയത് 12<br>ജൂൺ - മാർച്ച്.<br>ജൂൺ 21 | |
| | പൊതുമുതൽ സംരക്ഷണം | | | |
| 12 | പൊതുമുതൽ ഉപയോഗിക്കേണ്ടത് നാം ഓരോരുത്തരുടെയും കടമയാണെന്ന് കുട്ടികളിൽ അവബോധം ഉണ്ടാക്കുന്നു. | ക്ലാസ് മുറിയിലെ ചർച്ച, ചുമരുകൾ, ബെഞ്ചുകൾ, ഉപകരണങ്ങൾ, ക്ലാസ് റൂമുകളിലെ പൊതു സാധനങ്ങൾ, മറ്റുള്ള | ജൂൺ 12<br>നടത്തിയത് ജൂൺ 13 | |

| | | | |
|---|---|---|---|
| പ്ലാസ്റ്റിക് നിരാകരണത്തിന്റെ പ്രാധാന്യം | വിരുദ്ധ വസ്തുക്കൾക്ക് കൊടുക്കുന്നതുകൾ ഇടുക്കേണ്ട സാധനങ്ങൾ, സ്കൂൾ പരിസരത്തിൽ നിക്ഷേപിക്കാതിരിക്കൽ എന്നിവയെക്കുറിച്ച് ബോധവൽക്കരണ ക്ലാസ്സ്. | ജൂൺ 12. | |
| പ്ലാസ്റ്റിക് നിരാകരണത്തിന്റെ പ്രാധാന്യം കുട്ടികളിൽ ഉറപ്പിക്കുക. | • പ്ലാസ്റ്റിക് നിരാകരണം. വ്യക്തി-ത്വത്തിനും സാമൂഹി-ക ജീവിതത്തിനും ആവശ്യമാണ് - എന്നതിനെക്കുറിച്ച് കുട്ടികൾക്ക് ബോധവൽക്കരണ ക്ലാസ്<br>• വിവിധയിനം പ്രദർശനം. | നടത്തിയത് ജൂൺ 14 | അധ്യാപകർ |
| പൊതുബോധവൽക്കരണം | വിവിധ തരത്തിലുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ വഴി കുട്ടികളിൽ ഉണ്ടായ ധാരണകൾ ശേഖരിക്കുന്നു. | ജൂൺ 13 നടത്തിയത് ജൂൺ.15 | |

## ഉപസംഹാരം

കുട്ടിയുടെ സമഗ്ര വികസനമാണ് ഗുണമേന്മാ വിദ്യാഭ്യാസത്തിന്റെ മുഖ്യലക്ഷ്യം. കുട്ടിയുടെ വൈജ്ഞാനിക, വൈകാരിക സാമൂഹിക മേഖലകളിലെ വളർച്ച, ഈ വിദ്യാലയത്തിൽ പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്ന വിദ്യാലയം എന്ന് പൊതുസമൂഹം വിലയിരുത്താൻ കഴിയാൻ സാധിക്കട്ടെ എന്ന് ആശിക്കുന്നു. കുട്ടികളെ മികച്ച വായനക്കാരും എഴുത്തുകാരും ആകുവാൻ ഈ പദ്ധതിയിലൂടെ സാധ്യമാകട്ടെ.